**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **27-06-2022 - ൽ മറുപടിയ്ക്ക്**

**പദ്ധതികൾ നടപ്പാക്കാനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ പ്രകടന പത്രികയിൽ ഉറപ്പ് നൽകിയിരുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ വിവേചനം കൊണ്ടും ചില ശക്തികളുടെ ഇടപെടൽ കൊണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഈ സർക്കാർ പ്രകടന പത്രികയിൽ ഉറപ്പ് നൽകിയിരുന്ന പദ്ധതികൾ കൃത്യമായ ആസൂത്രണത്തിലൂടെയും,സമയബന്ധിതമായും നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും യഥാസമയത്ത് സ്വീകരിച്ച് ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ തന്നെയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ആദ്യപടിയായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു നൂറുദിന പദ്ധതികളാണ് പ്രഖ്യാപിച്ച് പൂർത്തീകരിച്ചിട്ടുള്ളത്. ആരുടേയും വിവേചനം കൊണ്ടും, ചില ശക്തികളുടെ ഇടപെടൽ കൊണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കാനുള്ള നടപടികൾ ഇതുവരെയും കൃത്യമായി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ കേന്ദ്ര ഭരണസഖ്യ അനുകൂലകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സമാന രീതിയിലുള്ള ബൃഹത് പദ്ധതികൾ അനുവദിച്ചത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തിന്റെ മൊത്തവികസനത്തിനുതകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള ലക്ഷ്യം വിജയകരമായി ഈ സർക്കാർ പൂർത്തീകരിച്ചുവരികയാണ്. കേന്ദ്ര ഭരണസഖ്യ അനുകൂലകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സമാന രീതിയിലുള്ള ബൃഹത് പദ്ധതികൾ അനുവദിച്ചത് ഈ സംസ്ഥാനത്തിനു ഗുണകരമാണെങ്കിൽ, അത് യഥാസമയം അനുവദിച്ചു കിട്ടുന്നതിന് കേന്ദ്ര സർക്കാരിൽ വേണ്ട രീതിയിൽ സമ്മർദ്ദം ചെലുത്തി, ഫലപ്രദമായ രീതിയിൽ നേടിയെടുക്കുന്നതിനുള്ള നയമാണ് സർക്കാർ സ്വീകരിച്ചു പോരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ രാഷ്ട്രീയ വ്യത്യാസത്തിന്റെ പേരിൽ ജനോപകാരപ്രദമായ സിൽവർ ലൈൻ പോലുള്ള പദ്ധതികൾക്ക് ചിലർ തടസ്സം നിൽക്കുന്നതിനെതിരെയും ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഏത് പ്രതിസന്ധിയെ അതിജീവിച്ചും പൂർത്തീകരിക്കുന്നതിനായും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ഈ സർക്കാർ ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ തന്നെയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ജനോപകാരപ്രദമായ വൻകിട പദ്ധതികൾ നടപ്പിലാക്കി ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഏത് പ്രതിസന്ധിയെ അതിജീവിച്ചും പൂർത്തീകരിക്കുന്നതിൽ സർക്കാർ ഒട്ടും പിന്നോട്ടുപോയിട്ടില്ല. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി സമയക്രമത്തിൽ നടപ്പിലാക്കിയത് തന്നെ ഏറ്റവും വലിയ ഉദാഹരണം. രാഷ്ട്രീയ വ്യത്യാസത്തിന്റെ പേരിൽ ജനോപകാരപ്രദമായ സിൽവർ ലൈൻ പോലുള്ള പദ്ധതികൾക്ക് ചിലർ തടസ്സം നിൽക്കുന്നതിനെ, അവബോധന ക്ലാസ്സുകളിലൂടെയും, ജനങ്ങളിലേക്ക് നേരിട്ടിറങ്ങി ഭാവിതലമുറയ്ക്ക് ഉണ്ടാക്കാൻ പോകുന്ന ഗുണഫലങ്ങൾ മനസ്സിലാക്കി കൊടുത്തതുമാണ് സർക്കാർ നേരിട്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ഈ കാര്യത്തിൽ ജനങ്ങളിൽ നല്ല രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചു. കൂടാതെ, എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് പ്രഖ്യാപിച്ചതും ലഭിക്കാൻ പോകുന്നതുമായ എല്ലാ പുരോഗമന പദ്ധതികളും ആസൂത്രണത്തോടെയും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ